**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1062** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സമന്വയ വെബ് പോർട്ടൽ മുഖേന നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിൻസെന്റ് ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സർക്കാർ സ്കൂളുകളിൽ കാറ്റഗറി അടിസ്ഥാനത്തിൽ (എൽ.പി., യു.പി., എച്ച്.എസ്.എ.) ഓരോ അധ്യയന വർഷവും തസ്തിക റെഗുലറൈസ് ചെയ്യുമ്പോഴും അംഗീകരിച്ച് നൽകുമ്പോഴും സമന്വയ വെബ് പോർട്ടൽ മുഖേന അധ്യാപകരെ ക്രമീകരിക്കുന്നത് കെ എസ് & എസ് എസ് ആർ ചട്ടം 10(ab) പ്രകാരം അവർ ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ചട്ടപ്രകാരമല്ലെങ്കിൽ ഏതു ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ക്രമീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ സ്കൂളുകളിൽ PSC മുഖേന നിയമനം ലഭിച്ച അധ്യാപകരുടെ സീനിയോറിറ്റി പരിഗണിക്കുന്നതിനു PSC അഡ്വൈസ് തീയതിയും മറ്റു വിധത്തിലുള്ള നിയമനം ആണെങ്കിൽ ജോലിയിൽ പ്രവേശിച്ച തീയ തിയും ആണ് കണക്കാക്കുന്നത്.

**(ബി)** സർക്കാർ സ്കൂളുകളിൽ തസ്തികകൾ യൂണിറ്റ് അടിസ്ഥാനത്തിൽ നിലനിൽക്കുന്നതിനാൽ ഓരോ അധ്യായന വർഷവും തസ്തിക നഷ്ടപ്പെടുന്ന സാഹചര്യത്തിൽ റെഗുലറേസെഷൻ/അംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരെ സമന്വയ വെബ് പോർട്ടൽ മുഖേന പുറത്താക്കുന്നത് കെ.എസ്. & എസ്.എസ്.ആർ. ചട്ടം 10(ab) പ്രകാരം ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലാണെന്നും എന്നാൽ ജില്ലാതലത്തിൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ പുറത്താക്കുന്നത് കെ.എസ്. & എസ്.എസ്.ആർ. ചട്ടം 27C പ്രകാരമുള്ള ജില്ലാ സീനിയോറിറ്റി അടിസ്ഥാനത്തിലാണെന്നും ശരിയാണോ; ശരിയല്ലെങ്കിൽ ഏത് ചട്ടപ്രകാരമാണെന്നത് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** KS&SSR Rule 10(ab) യോഗ്യതാ തത്വവുമായി ബന്ധപ്പെട്ടതാണ് . KS&SSR Rule 27(c) സർക്കാർ സർവീസിലെ സീനിയോറിറ്റി സംബന്ധിച്ച പൊതുചട്ടമാണ്. സർക്കാർ സ്കൂൾ അധ്യാപകരുടെ തസ്ത കനിർണ്ണയം, തസ്തിക നഷ്ടപ്പെടൽ, ജില്ലാതല പുനർവിന്യാസം എന്നിവ KER, Chapter XXIII, Staff Fixation Orders, കൂടാതെ ഓരോ വർഷവും പുറത്തിറങ്ങുന്ന മാർഗനിർദേശങ്ങൾ എന്നിവയുടെ അടിസ്ഥാ നത്തിലാണ് നടത്തുന്നത്.

സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുട കാറ്റഗറി അടിസ്ഥാനപ്പെടുത്തിയുള്ള സീനിയോറിറ്റി അനുസരിച്ചാണ് അവരുട സേവന വിവരങ്ങൾ രേഖപ്പെടുത്തുന്നത്. അവരുടെ നിയമന രീതി (പി.എസ്. സി., ഐ.ഡി.റ്റി, ബൈ-ട്രാൻസ്ഫർ, പ്രൊമോഷൻ, ആശ്രിത നിയമനം, മുതലായവ ) സംബന്ധിച്ച സ്റ്റാഫ്

ലിസ്റ്റിലെ കോളം സേവനപുസ്തകം നോക്കി പൂരിപ്പിക്കുന്നു. നിയമനരീതി അന്തർജില്ലാ സ്ഥലം മാറ്റമാണെങ്കിൽ നിലവിലുള്ള ജില്ലയിൽ സേവനം ആരംഭിച്ച തീയതി മാത്രമെ രേഖപ്പെടുത്തുന്നുള്ളൂ. മറ്റൊരു ജില്ലയിൽ സർക്കാർ സർവ്വീസിൽ തുടർന്നു വരവെ നിലവിലെ ജില്ലയിൽ പി.എസ്.സി. മുഖേന പുതിയ നിയമനം ലഭിച്ചാലും നിലവിലെ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയാണ് ചേർക്കുന്നത്.

ഓരോ അധ്യയന വർഷത്തിന്റെയും തസ്തികനിർണ്ണയം പ്രകാരം ഓരോ സർക്കാർ സ്കൂളിലും അനുവദനീയമായ അധ്യാപക തസ്തികകൾ നിശ്ചയിക്കുന്നു. ഏതെങ്കിലും സ്കൂളിൽ അനുവദനീയമായ തസ്തികകളേ ക്കാൾ കൂടുതൽ അധ്യാപകർ ഉണ്ടായാൽ, ആ സ്കൂളിൽ നിന്ന് ഒരാൾ അല്ലെങ്കിൽ അതിലധികം പേർ അധികം ആകുന്നു. സീനിയോരിറ്റി അടിസ്ഥാനമാക്കി ഏറ്റവും ജൂനിയറായ അധ്യാപകനാണ് പ്രസ്തുത സ്കൂളിൽ അധികം ആയി പരിഗണിക്കപ്പെടുന്നത്. തുടർന്ന് ആ അധ്യാപകന്റെ വിവരങ്ങൾ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും ജില്ലയിൽ ഒഴിവുള്ള മറ്റൊരു സർക്കാർ സ്കൂളിലേക്ക് മാറ്റി നിയമിക്കുകയും ചെയ്യുന്നു. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ കാറ്റഗറി അടിസ്ഥാനപ്പെടുത്തിയുള്ള സീനിയോറിറ്റി അനുസരിച്ചാകണം അവരുടെ സേവന വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് എന്ന് കൃത്യമായ നിർദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ നിലവിൽ അവ്യക്തതകൾ ഇല്ല.

**(സി)** 2025-26 അധ്യയന വർഷത്തിൽ സമന്വയ വെബ് പോർട്ടലിൽ അധ്യാപകരെ ജോലിയിൽ പ്രവേശിപ്പിച്ച തീയതി ക്രമത്തിൽ നമ്പർ നൽകിയിട്ടില്ലാത്ത സ്കൂളുകളുടെ പേരുകൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത സ്കൂളുകളിൽ അപ്രകാരം നമ്പർ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ച് വരുന്നു.

**(ഡി)** കെ.എസ്. & എസ്.എസ്.ആർ. ചട്ടം 10(ab) പ്രകാരം സമന്വയ വെബ് പോർട്ടലിൽ അധ്യാപകരെ ജോലിയിൽ പ്രവേശിപ്പിച്ച തീയതി അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിന് വെബ് പേജ് ഇന്റർഫേയ്സ് സജ്ജമാക്കിയിട്ടുള്ളതെന്നിരിക്കെ പ്രസ്തുത ചട്ടപ്രകാരം സീനിയോറിറ്റി ബാധകമല്ലാതിരുന്നിട്ടും സ്കൂളുകളുടെ സമന്വയ വെബ് പേജ് ഇന്റർഫേയ്സിൽ സീനിയോറിറ്റി എന്ന വാക്ക് ഉൾപ്പെടുത്താനുള്ള കാരണം വിശദമാക്കുമോ?

**<u>മറുപടി:</u>** ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്തുന്നതിനാണ് സമന്വയ വെബ് പോർട്ടലിൽ വെബ് പേജ് ഇന്റർഫേയ്സ് സൗകര്യം ഒരുക്കിയിരിക്കുന്നത്. സർക്കാർ സ്കൂളുകളിൽ PSC മുഖേന നിയമനം ലഭിച്ച അ ധ്യാപകരുടെ സീനിയോറിറ്റി പരിഗണിക്കുന്നതിനു PSC ADVICE തീയതിയും മറ്റു വിധത്തിലുള്ള നിയമനം ആണെങ്കിൽ ജോലിയിൽ പ്രവേശിച്ച തീയതിയും ആണ് കണക്കാക്കുന്നത്. ഈ ആവശ്യത്തിനായി സമന്വയ വെബ് പോർട്ടൽ ഉപയോഗിക്കുന്നില്ല.

**സെക്ഷൻ ഓഫീസർ**